# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ .എൻ.ആർ/സി12/1379/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 29/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ .എൻ.ആർ/സി12/1379/21 തീയ്യതി: 29/12/2021

## കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-02-2021 മുതൽ 09-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2021 | 19-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-11-2021 | 19-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സബിത.കെ, ഓഡിറ്റർ
ശ്രീമതി.ധന്യ.എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| പി കെ അസ്സൻ കുഞ്ഞി മാസ്റ്റർ | പ്രസിഡന്റ് | 01-04-2020 | 05-11-2020 |
| ടി പി നിഷ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ഷീജ.വി.എം. | സെക്രട്ടറി | 01-04-2020 | 15-06-2020 |
| എം.വി.ചന്ദ്രൻ | സെക്രട്ടറി | 16-06-2020 | 08-03-2021 |
| നിഷ.കെ.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാഖി കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ആശാബാലൻ | വെറ്റിനറി സർജൻ | 01-04-2020 | 12-10-2020 |
| സവിത എം കെ | വെറ്റിനറി സർജൻ | 13-10-2020 | 31-03-2021 |
| ഡോ.അമൂല്യ ഭാർഗ്ഗവൻ | മെഡിക്കൽഓഫീസർ പി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ. ബേബി സുഭദ്ര | മെഡിക്കൽഓഫീസർആയുർവ്വേദം | 01-04-2020 | 09-03-2021 |
| ഡോ.ധന്യ കെ | മെഡിക്കൽഓഫീസർആയുർവ്വേദം | 10-03-2021 | 31-03-2021 |
| സപ്ന വി എസ് | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 31-12-2020 |
| ആശ വി വി | അസിസ്റ്റൻറ് എഞ്ചിനീയർ | 01-01-2021 | 31-03-2021 |
| ഉദയ കുമാരി വി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഷനിൽ എം | വി ഇ ഒ (ചെറുകുന്ന്) | 01-04-2020 | 31-03-2021 |
| ഷീജ കെ വി | വി ഇ ഒ( താവം) | 01-04-2020 | 31-03-2021 |
| അനിത മണിയേരി | ഹെഡ് മാസ്റ്റർ | 01-04-2020 | 30-06-2020 |
| ജിഷ പ്രദീപ് പി | ഹെഡ് മാസ്റ്റർ | 01-07-2020 | 31-03-2021 |
| കെ എം അനിൽ കുമാർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 01-11-2020 |
| രാജേഷ് ടി ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 02-11-2020 | 31-03-2021 |
| ജോസ് ജയകുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ടി ഷിബു കരുൺ | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2020 | 07-07-2020 |
| നിഷ കെ പി | അസിസ്റ്റൻറ് സെക്രട്ടറി /ഇൻ ചാർജ്ജ് | 08-07-2020 | 12-07-2020 |

| | | | |
|---|---|---|---|
| ഷൈനി സി പി | അസിസ്റ്റൻറ് സെക്രട്ടറി /ഇൻ ചാർജ്ജ് | 13-07-2020 | 28-07-2020 |
| നിഷ കെ പി | അസിസ്റ്റൻറ് സെക്രട്ടറി | 29-07-2020 | 31-03-2021 |

06.11.2020 മുതൽ 30.12.2020 വരെ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ എന്നിവരടങ്ങിയ ഭരണ നിർവ്വഹണ കമ്മിറ്റിയാണ് നിലവിലുണ്ടായിരുന്നത്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 18-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer, On 18-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 18-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 18-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 18-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 18-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 18-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-7 |
| 8 | ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻ തുക അക്കൗണ്ടിലേക്ക് നൽകി വരുന്നു.<br>Written By: Dhanya M (Auditor, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-7-1 |
| 9 | ക്യാഷ് പരിശോധന<br>Written By: Remani Kizhakkeel (Audit Officer, On 18-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-12-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Remani Kizhakkeel (Audit Officer, On 18-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-12-2021) | 1-9 |
| 11 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Dhanya M (Auditor, On 20-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-12-2021) | 1-10 |
| 12 | ബിൽഡിംഗ് പൂർത്തീകരണ അപേക്ഷാ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Dhanya M (Auditor, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-11 |
| 13 | പുന്നച്ചേരി പി എച്ച് സി, സി എച്ച് സി ആയി ഉയർത്തൽ- പ്രവ്യത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-12 |
| 14 | തെരുവ് വിളക്കിന് ലൈൻ വലിക്കൽ - പ്രവ്യത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-12-2021) | 1-13 |
| 15 | വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം നൽകൽ-കുടിശ്ശിക തുക ഒടുക്കിയത്<br>Written By: Reena Pittan (Asst. Audit Officer, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-14 |

| | | |
|---|---|---|
| 16 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് .<br>Written By: Reena Pittan (Asst. Audit Officer, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-15 |
| 17 | ഇ ടെണ്ടർ- ടെണ്ടർ ഫീസ് (1,45,740/- രൂപ )ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല.<br>Written By: Reena Pittan (Asst. Audit Officer, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-16 |
| 18 | SSA- വിശദമായ വിനിയോഗവിവരം ലഭ്യമല്ല<br>Written By: Sabitha.K (Auditor, On 22-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-17 |
| 19 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Dhanya M (Auditor, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-18 |
| 20 | ആട്ട വളർത്തൽ (സുഭിക്ഷകേരളം) പ്രോജക്ട് അപാകങ്ങൾ<br>Written By: Dhanya M (Auditor, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-19 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 18-11-2021)<br>Last Updated By: P.S.Sabu (Deputy Director, On 29-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 18-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sabitha.K (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sabitha.K (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sabitha.K (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sabitha.K (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sabitha.K (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Sabitha.K (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 4-8 |
| 9 | ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം<br>Written By: Sabitha.K (Auditor, On 24-11-2021)<br>Last Updated By: Sabitha.K (Auditor, On 24-11-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sabitha.K (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തേക്കുള്ള ബജറ്റ് 26-03-2020തീയതിയിലെ 90/2020 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 766320 |
| വരവ് | 118716272 |
| ആകെ | 119482592 |
| ചെലവ് | 118665485 |
| നീക്കിയിരിപ്പ് | 817107 |

ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 23.03.2020 ലെ 25/20 തീരുമാന പ്രകാരം കരട് ബജറ്റ് ഭരണസമിതിക്ക് സമർപ്പിക്കുകയും ഭരണ സമിതി മേൽതീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. ഘടക സ്ഥാപനങ്ങളിൽ നിന്നും ബജറ്റ് നിർദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് 18-02-2021 തീയതിയിലെ 61/2021 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 15.05.2021 | തിരിച്ചയച്ചിട്ടില്ല |

വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. B11, B11(a) എന്നീ ഷെഡ്യൂളുകളിലെ ആകെ തുക B3ലേതുമായി പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് 2019ലെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് തൻവർഷ ക്യാപ്പിറ്റൽ ചെലവുകൾ മാറ്റേണ്ടതില്ല എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മൂലധന ചെലവുകൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റാറില്ല എന്ന മറുപടി നൽകിയിട്ടുണ്ട്.
2. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ആസ്തിയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. പുന്നച്ചേരി പി.എച്ച്.സി. സി.എച്ച്.സി. ആക്കി ഉയർത്തൽ എന്ന പ്രൊജക്ടിന വേണ്ടി അനുവദിച്ച തുക B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5009498.89 |
| വരവ് | 47390456 |
| ആകെ | 52399954.89 |
| ചെലവ് | 45852232 |
| നീക്കിയിരിപ്പ് | 6547722 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഫണ്ട് വിനിയോഗം ഫണ്ട് വിനിയോഗം

| ഗ്രാന്റ് | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ക്യൂബിൽ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-(ജനറൽ) | | 0 | 7443901 | 7443901 | 6693982 | 749919 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 3499679 | 3499679 | 2850866 | 648813 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ബേസിക് | 0 | 6128676 | 6128676 | 5380922 | 747754 |
| | ടൈഡ് | 0 | 3110000 | 3110000 | 1123886 | 1986114 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 0 | 7320000 | 7320000 | 7320000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | | 0 | 3492000 | 3492000 | 3492000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| എം ജി എൻ ആർ ഇ ജി എസ് | ഭരണ ചെലവ് | 94083 | 560296 | 654379 | 650652 | 3727 |
| | തൊഴിലാളികളുടെ കൂലി (മെറ്റീരിയൽ പ്രവൃത്തി ഇല്ല) | 0 | 9649673 | 9649673 | 9649673 | 0 |
| ഐ സി ഡി എസ് സെൻട്രൽ ഷെയർ | | 178301 | 710965 | 889266 | 787317 | 101949 |
| സ്വച്ച് ഭാരത് മിഷൻ ഗ്രാമീൺ | | 0 | 24300 | 24300 | 0 | 24300 |
| 2 സ്വച്ച് ഭാരത് മിഷൻ പെർഫോമൻസ് ബേസ്ഡ് ഗ്രാന്റ് | | 0 | 1294400 | 1294400 | 195000 | 1099400 |
| ലൈഫ് മിഷൻ | | 599139 | 861 | 600000 | 600000 | 0 |
| ശുചിത്വം | | 399150 | 0 | 399150 | 0 | 399150 |
| എസ്.എസ്.എ. | | 2841 | 143 | 2984 | 0 | 2984 |
| എം.പി.ഫണ്ട് | | 2640 | 73 | 2713 | 0 | 2713 |
| സാക്ഷരത | | 24027 | 1210 | 25237 | 0 | 25237 |
| ശുചിത്വം | | 10299 | 0 | 10299 | 0 | 10299 |
| സമ്പൂർണ്ണ ശുചിത്വം | | 122951 | 0 | 122951 | 24000 | 98957 |
| മറ്റ് ഗ്രാന്റുകൾ | | 28529 | 201530 | 486821 | 19500 | 467321 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 128 | 68512369 | 104 | 32884036 | 8 | 96 | 24 | 75 |

1. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

തൻ വർഷം രൂപീകരിക്കപ്പെട്ട് ഡിപിസി അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായി നിർവ്വഹണത്തിലെത്തിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെയും ഫണ്ട് ചെലവഴിച്ചതിന്റെയും വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 26 | 23 | 15337989 | 4076667 | 26.57 |
| 2 | അസി.എഞ്ചിനീയർ | 26 | 19 | 24158072 | 12705742 | 52.59 |
| 3 | കൃഷി ഓഫീസർ | 15 | 15 | 8160125 | 4536110 | 55.58 |
| 4 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 4 | 1472090 | 1192708 | 81.02 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 1266000 | 1260700 | 95.58 |
| 6 | വെറ്റിനറി സർജൻ | 4 | 4 | 935000 | 885000 | 94.65 |
| 7 | വി.ഇ.ഒ. | 25 | 19 | 11446036 | 3972533 | 34.70 |
| 8 | ഐ സി ഡി എസ് സൂപ്പർവൈസർ | 6 | 3 | 2673107 | 2154694 | 80.60 |
| 9 | അസി.സെക്രട്ടറി | 10 | 10 | 1845250 | 1555843 | 84.31 |
| 10 | ഹെഡ് മാസ്റ്റർ | 6 | 2 | 339700 | 119854 | 35.28 |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 414000 | 64185 | 15.5 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 465000 | 360000 | 77.41 |
| ആകെ | | 128 | 104 | 68512369 | 32884036 | 47.99 |

അംഗീകാരം ലഭിച്ച മുഴുവൻ പ്രോജക്ടുകളുടെയും നിർവ്വഹണം സമയബന്ധിതമായി നടത്താനും ഫണ്ടുകൾ പൂർണ്ണമായും അതാത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കാനും നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

2. ഗ്രാമ സഭ

കോവിഡ് പ്രതിസന്ധി നിലനില്ക്കുന്നതിനാൽ 2020-21 സാമ്പത്തിക വർഷം 05.02.2021 മുതൽ 10.02.2021

തീയതികളിലായി ഒരു തവണ മാത്രമാണ് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്. പ്രസ്തുത ഗ്രാമസഭയിൽ 2019-20 ലെ വരവ് ചെലവ് അംഗീകരിക്കൽ, 2021-22 പദ്ധതി രൂപീകരണം, 2020-21ലെ ഗുണഭോക്താക്കളെ അംഗീകരിക്കൽ, മാലിന്യ നിർമാർജ്ജനം, പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കോവിഡ് അവലോകനം തുടങ്ങിയ വിഷയങ്ങൾ അജണ്ടകളായി ഉൾപ്പെടുത്തി ചർച്ചകൾ നടത്തിയിട്ടുണ്ട്.

3. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനുട്സ് എഴുതി സൂക്ഷിക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടില്ല. പല വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിലും കൺവീനർ ഒപ്പു വെക്കുന്നില്ല. തിയ്യതി, പദ്ധതി നിർദ്ദേശങ്ങൾ എന്നിവ ചേർക്കാത്തതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 94083 | 560296 | 654379 | 650652 | 3727 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ വർക്ക് ഇല്ല) | 0 | 9649673 | 9649673 | 9649673 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9360 | 13 |
| കർഷക തൊഴിലാളി പെൻഷൻ | 4067100 | 272 |
| വിധവാപെൻഷൻ | 9312400 | 605 |
| വാർദ്ധക്യകാലപെൻഷൻ | 19966500 | 1424 |
| വികലാംഗപെൻഷൻ | 2711500 | 181 |
| അവിവാഹിത പെൻഷൻ | 1411800 | 92 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-7-1 ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻ തുക അക്കൗണ്ടിലേക്ക് നൽകി വരുന്നു.

ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ 2020 വർഷത്തെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി, ഗ്രാമ പഞ്ചായത്തിലെ ക്ഷേമപെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് | ആധാർ നമ്പർ | പെൻ ഷൻ ഐ ഡി | മരണ പ്പെട്ട തീയതി | റിമാർക്സ് | പെൻ ഷൻ വിഭാഗം |
|---|---|---|---|---|---|---|
| 1 | അബ്ദുൾ | 341778845652 | 111090201326 | 15.08.2020 | 2/2021 | വാർദ്ധക്യ |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഖാദർ സി വി | | | | വരെയുള്ള മാസങ്ങ ളിലെ പെൻഷൻ ഗുണഭോ ക്താവിന്റെ ബാങ്ക് അക്കൗ ണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെ ട്ടതായി സേവന യിൽ രേഖപ്പെടു ത്തിയിട്ടുണ്ട്. പെൻഷൻ സ്റ്റാറ്റസ് സസ്പെന്റഡ് ആണ്. | കാല പെൻഷൻ | |
| 2 | താഴത്തി ടത്ത് നാരാ യണൻ കുട്ടി | 713374178746 | 111090201249 | 30.10.2020 | 5/2021 വരെയുള്ള മാസങ്ങ ളിലെ പെൻഷൻ ഗുണഭോ ക്താവിന്റെ ബാങ്ക് അക്കൗ ണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെ ട്ടതായി സേവന യിൽ രേഖപ്പെടു ത്തിയിട്ടുണ്ട്. നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെന്റഡ് ആണ്. | വാർദ്ധക്യ കാല പെൻഷൻ | |
| 3 | എം. നാണി | 918632645855 | 111090100289 | 12.11.2020 | 5/2021 വരെയുള്ള മാസങ്ങ ളിലെ പെൻഷൻ ഗുണഭോ ക്താവിന്റെ | കർഷക തൊഴി ലാളി പെൻ ഷൻ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെന്റഡ് ആണ്. | |
| 4 | റാഫേൽ | 992208546763 | 111090200346 | 05.12.2020 | 2/2021 വരെയുള്ള മാസങ്ങളിലെ പെൻഷൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെന്റഡ് ആണ്. | വാർദ്ധക്യ കാല പെൻഷൻ |

ഇതു കൂടാതെ ചെറുകുന്ന് ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികൾക്ക് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിലവിൽ പെൻഷൻ അനുവദിക്കുന്നുണ്ട്.

| ക്രമ നം. | പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | റിമാർക്സ് | പെൻഷൻ ഇനം |
|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ഖദീജ.വി.കെ. പി | 402133773098 | 111110600675 | 08.10.2020 | കണ്ണപുരം ഗ്രാമപഞ്ചായത്തിലെ പെൻഷനർ ആണ്. 10/2021 വരെ യുള്ള മാസങ്ങളിലെ പെൻ ഷൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെട്ടുത്തിയിട്ടുണ്ട്. നിലവിലും പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. | വിധവ പെൻ ഷൻ | |
| 2 | കുഞ്ഞിമുഹമ്മദ്. എ. കെ | 517356148303 | 110990200341 | 15.10.2020 | മാടായി ഗ്രാമ പഞ്ചായത്തിലെ പെൻഷനർ ആണ്. 10/2021 വരെയുള്ള മാസങ്ങളിലെ പെൻഷൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗ ണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെട്ടത്തിയിട്ടുണ്ട്. നിലവിലും | വാർദ്ധക്യ കാല പെൻ ഷൻ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. | | |
| 3 | മുഹമ്മദ് കുഞ്ഞി | 470778968271 | 110990200461 | 19.10.2020 | മാടായി ഗ്രാമപഞ്ചായത്തിലെ പെൻഷനർ ആണ്. 10/2021 വരെയുള്ള മാസങ്ങളിലെ പെൻഷൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലും പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. | വാർദ്ധക്യ കാല പെൻഷൻ | |
| 4 | ത്രേസ്യ കെ | 475780404085 | 110990203060 | 16.11.2020 | മാടായി ഗ്രാമപഞ്ചായത്തിലെ പെൻഷനർ ആണ്. 10/2021 വരെയുള്ള മാസങ്ങളിലെ പെൻഷൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവന | വാർദ്ധക്യ കാല പെൻഷൻ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | യിൽ രേഖപ്പെടു ത്തിയിട്ടുണ്ട്. നിലവിലും പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. | |
| 5 | ലൂക്കോസ് | 862437775627 | 102180201210 | 19.11.2020 | തളി പ്പറമ്പ മുനിസി പ്പാലിറ്റി യിലെ പെൻ ഷനർ ആണ്. 10/2021 വരെയുള്ള മാസങ്ങ ളിലെ പെൻഷൻ ഗുണഭോ ക്താവിന്റെ ബാങ്ക് അക്കൗ ണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെ ട്ടതായി സേവന യിൽ രേഖ പ്പെടു ത്തിയി ട്ടുണ്ട്. നിലവിലും പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ് | വാർ ദ്ധക്യ കാല പെൻ ഷൻ |

അതുപോലെ ഈ പഞ്ചായത്തിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ മരണപ്പെടുന്നത് മറ്റ് സ്ഥലങ്ങളിൽ ആണെങ്കിൽ ആ വിവരം ഈ പഞ്ചായത്തിൽ അറിയിക്കേണ്ടതായുണ്ട്. ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശം പൂർണ്ണമായും നിർവ്വഹിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (20/19.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കേണ്ടതും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്

ഡെത്ത് രജിസ്റ്ററിലെ ആധാർ നമ്പർ മുഖേന സേവന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി, മുഴവൻ അപേക്ഷകൾ പരിശോധിക്കേണ്ടതും അനർഹരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ

വരുത്തേണ്ടതും അധികം നൽകിയ തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരികെ അടവാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2021ന് 3.00 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42435/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. 2019/ജൂലൈ, 2019/ഡിസംബർ, 2021/ജനവരി മാസങ്ങളിലൊഴികെ പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ

പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല.

## 1-10 തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഓഡിറ്റ് വർഷം ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രം ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് മറുപടിയായി (1/15.11.2021) കോവിഡ് മഹാമാരി കാരണം ക്ഷേത്രംജീവനക്കാർക്ക് 2020 ഏപ്രിൽ വരെയുള്ള ശമ്പളമേ ലഭിച്ചിട്ടുള്ളൂ എന്നും ശമ്പളം ലഭിക്കുന്ന മുറയ്ക്ക് തൊഴിൽനികുതി ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ വിഷയത്തിൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-11 ബിൽഡിംഗ് പൂർത്തീകരണ അപേക്ഷാ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം കെട്ടിട നമ്പർ അനുവദിച്ച ശ്രീമതി. വളപ്പിലെ പീടികയിൽ ഫാത്തിമ എന്നയാളുടെ ഫയൽ പ്രകാരം ടിയാരിക്ക് 140.5 സ്ക്വയർ മീറ്റർ കെട്ടിടം പണിയുന്നതിനാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളത് (പെർമിറ്റ് നമ്പർ/തീയതി A2-BA(81134)2017,14.11.2017). എന്നാൽ കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 153.72 സ്ക്വയർ മീറ്റർ ആണ്. പെർമിറ്റ് പ്രകാരമുള്ളതിൽ നിന്നും അധികരിച്ച് നിർമ്മാണം നടത്തിയതിന് റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/16.09.2021)മറുപടിയായി റഗുലറൈസേഷൻ ഫീസ് 19.11.2021 തീയതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. കെട്ടിട നമ്പർ അനുവദിക്കുമ്പോൾ പെർമിറ്റ് അനുവദിച്ച പ്ലാൻ പ്രകാരം തന്നെയാണ് കെട്ടിടം പണിപൂർത്തിയാക്കിയിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും അധിക നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള റഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-12 പുന്നച്ചേരി പി എച്ച് സി, സി എച്ച് സി ആയി ഉയർത്തൽ- പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| പദ്ധതിയുടെ പേര് | പുന്നച്ചേരി പി.എച്ച്.സി.<br>സി.എച്ച്.സി. ആയി ഉയർത്തൽ (ആർദ്രം പദ്ധതി) | |
| പ്രൊജക്ട് നം. | 79/21 | 109/21 (S O) |
| അടങ്കൽ | ₹3,15,500/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം ) | ₹8,52,500/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം )<br>(₹15,47,500/- മറ്റുള്ളവ ) |
| ചെലവ് | ₹3,15,500/- 53/22.03.21 | ₹8,32,925/-01/21.4.20<br>₹19575/- 52/22.03.21 |
| ആകെ ചെലവ് | ₹11,68,000 | |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഇല്ലാതെയാക്കി രോഗീസൗഹാർദപരമായ ഒരു സമീപനം സർക്കാർ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന ആർദ്രം പദ്ധതിയിലുൾപ്പെടുത്തി പുന്നച്ചേരി പി എച്ച് സി, സി എച്ച് സി ആയി ഉയർത്തുന്നതിനായി നാഷനൽ ഹെൽത്ത് മിഷനിൽ നിന്നും ലഭിച്ച 79,37,458.79/- രൂപയുടെ എസ്റ്റിമേറ്റ് ചെറുകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റും മെഡിക്കൽ ഓഫീസറും ഒപ്പുവച്ചിട്ടുണ്ട്. 26.09.2019ലെ കോർഡിനേഷൻ കമ്മിറ്റിയുടെയും {2.1(3.1.7)} പഞ്ചായത്ത് ഭരണസമിതിയുടെയും (04.11.2019ലെ 09/262/2019) തീരുമാന പ്രകാരം 2 പ്രൊജക്ടുകളിലായി ₹11,68,000 നാഷനൽ ഹെൽത്ത് മിഷനിൽ ഡെപ്പോസിറ്റായി നൽകുന്നതിനായി Dis. Health & FW Society യുടെ പേരിലുള്ള അക്കൗണ്ടിലേക്ക് (A/C No 018101010266) നൽകിയിട്ടുണ്ട്.

നാഷനൽ ഹെൽത്ത് മിഷൻ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. തുക വിനിയോഗിച്ച്

ഇതേവരെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണവും പദ്ധതിക്കായി ചെലവ് വരുന്ന തുകയിൽ പഞ്ചായത്ത് വിഹിതം എത്രയാണെന്ന് അറിയിക്കാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6 തി. 15-11-2021) ലഭ്യമാക്കിയ മറുപടിയിൽ ഈ വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി ആരോഗ്യ കേരളം, ഡിസ്ട്രിക്ട് പ്രോഗ്രാം മനേജർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിക്കുന്ന മുറക്ക് വിവരം അറിയിക്കാമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി NHMന് ഡെപ്പൊസിറ്റായി നൽകിയ 11,68,000/- രൂപ വാർഷിക ധനകാര്യ പത്രികയിൽ ചെലവായി ഉൾപ്പെടുത്തിയതിനാൽ പദ്ധതിയുടെ തുടർവർഷങ്ങളിലുണ്ടാകുന്ന പുരോഗതി വിലയിരുത്താൻ സാധിക്കുകയില്ല. ആയതിനാൽ തുക വാർഷിക കണക്കിലെ ബന്ധപ്പെട്ട ശീർഷകത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. അടിയന്തര പ്രധാന്യമുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിലേക്ക് ഭരണസമിതിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തെരുവ് വിളക്കിന് ലൈൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ പേര് | 103/21 സ്ട്രീറ്റ് ലൈൻ വലിക്കൽ |
| അടങ്കൽ | 370000/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>21925/- (തനത് ഫണ്ട്) |
| ചെലവ്/ബിൽ നം./തിയ്യതി | 370000/-04/13.05.20<br>3075/- (2019-20 വർഷത്തെ ചെലവ്) |

ഗ്രാമ പഞ്ചായത്ത് പരിധിയിൽ തെരുവ് വിളക്കിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി KSEBയിൽ നിന്ന് ലഭ്യമാക്കിയ എസ്റ്റിമേറ്റുകൾ പ്രകാരം ₹3,73,075 കെ എസ് ഇ ബി ചെറുകുന്ന് സെക്ഷന് നൽകിയിട്ടുണ്ട്. KSEB യുമായി 25.05.2020 ന് ഉണ്ടാക്കിയ കരാർ പ്രകാരം ഒരു വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ കെ എസ് ഇ ബി യിൽ നിന്നുള്ള സാക്ഷ്യപത്രം, തുക ക്രമീകരിച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കുന്നതിനായി എൻക്വയറി (16/17-11-2021) നൽകിയതിനുള്ള മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.ക്ക് കത്തു നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. തുക കൈമാറിയതിനു ശേഷവും കരാർ ചമച്ച നടപടിക്ക് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-14 വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം നൽകൽ-കുടിശ്ശിക തുക ഒടുക്കിയത്

| | |
|---|---|
| പദ്ധതിയുടെ പേര് | വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം നൽകൽ |
| പ്രൊജക്ട് നം | 160/21 |
| അടങ്കൽ | ₹4,50,000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹3,33,818- 44/10.03.21<br>₹10,500/- 45/18.03.21<br>₹3,500-51/18.03.21 |
| | ആകെ ₹ 3,47,818 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രൊജക്ടു പ്രകാരം 14,000/- രൂപ പ്രതിമാസ കുടിവെള്ളക്കരമായും 3,33,818/- രൂപ കുടിശ്ശികയായും വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. 05.08.2019 ന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധന പ്രകാരം പ്രവർത്തന ക്ഷമമായ 49 വാട്ടർ ടാപ്പുകളാണ് പഞ്ചായത്ത് പരിധിയിലുള്ളതെന്ന് കണ്ടെത്തിയതിനെ തുടർന്ന് ആയതിൽ 8 ടാപ്പുകൾ മാത്രമേ അവശ്യമുള്ളൂ എന്ന് വ്യക്തമാക്കി കൊണ്ട് 30.09.19 ന് വാട്ടർ അതോറിറ്റിക്ക് കത്തു നൽകി (നം എ4-625/19തി 30.09.19) എങ്കിലും തുടർന്നും ഓരോ മാസവും 49 വാട്ടർ ടാപ്പുകളുടെ ഡിമാന്റ് നോട്ടീസ് നൽകുകയാണ് ഉണ്ടായത്. ഇത് ഒഴിവാക്കുന്നതിനായി 15.11.19, 18.12.19, 17,06.20 തിയ്യതികളിൽ വാട്ടർ അതോറിറ്റിക്ക് കത്ത് നല്കിയെങ്കിലും KWA നടപടികൾ സ്വീകരിക്കാൻ തയ്യാറായില്ല എന്നും തുടർന്ന് സെക്രട്ടറി നേരിട്ട് KWA യെ നേരിട്ട് സമീപിച്ചിട്ടും നടപടി സ്വീകരിക്കാൻ വാട്ടർ അതോറിറ്റി തയ്യാറായില്ല എന്നുമാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/15.11.21) മറുപടിയായി അറിയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വീണ്ടും വാട്ടർ അതോറിറ്റിയെ സമീപിച്ചപ്പോൾ Dismantling Charge അടക്കാത്തതു കൊണ്ടാണെന്ന് അറിയിച്ചു കൊണ്ട് KWA/WSDN

/TPBA/REV/GL/2016/06.07.20 നമ്പർ കത്ത് 23.10.2020 തിയ്യതിയിൽ ഇ-മെയിൽ ആയി ലഭിച്ചതിനെ തുടർന്ന് 23.10.2020 ന് 31,791/- രൂപ Dismantling Charge ഇനത്തിൽ ഒടുക്കിയതിനെ തുടർന്ന് 8 ടാപ്പുകളുടെ ഡിമാന്റ് നോട്ടീസ് നൽകി തുടങ്ങുകയും ചെയ്തു. 8 ടാപ്പുകൾ മാത്രമേ അവശ്യമുള്ളൂ എന്ന് വ്യക്തമാക്കികൊണ്ട് 30.09.19 ന് വാട്ടർ അതോറിറ്റിക്ക് കത്തു നൽകിയതിന് യഥാസമയം വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കാത്തതാണ് 41 ടാപ്പുകളുടെ കുടിവെള്ള ചാർജ്ജ് അധികമായി ഒടുക്കുന്നതിന് ഇടയാക്കിയതെങ്കിൽ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിൽ വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് ഉണ്ടായിട്ടുള്ള വീഴ്ച രേഖകൾ സഹിതം ചുമതലപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി ഉപയോഗിക്കാത്ത കുടിവെള്ള ടാപ്പുകൾക്ക് നൽകിയ കുടിവെള്ളക്കരം തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , ചെറുകുന്ന് ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ പേര് | 05/21 ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | 40238/- (വികസന ഫണ്ട്) |
| ചെലവ്/ബിൽ നം/തിയ്യതി | 40238/- 10/30.08.2020 |

2020-21 സാമ്പത്തിക വർഷം ഐ.കെ.എം ന് അടയ്ക്കേണ്ട വിഹിതം ഇനത്തിൽ ₹40238 ഡയറക്ടർ, ഐ.കെ.എം.ന് നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (നം.15 /17-11-2021) ധനവിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം ൽ തയ്യാറാക്കി വരുന്നതായും ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും ഇൻഫർമേഷൻ കേരളാ മിഷൻ അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-16 ഇ ടെണ്ടർ- ടെണ്ടർ ഫീസ് (1,45,740/- രൂപ )ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫീസ് ഇനത്തിലെ തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട തുക (₹1,45,740) ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തുക (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|
| 2018-19 | 45,757 |
| 2019-20 | 37,194 |
| 2020-21 | 62,789 |

തുക ലഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 SSA- വിശദമായ വിനിയോഗവിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 75/20 SSA- വിഹിതം നൽകൽ |
| അടങ്കൽ | ₹1,00,000 |
| ബിൽ നം,തീയ്യതി ,തുക | 2/20-21, 25-2-21, 1,00,000/- |

എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസറുടെ 03-09-20 ലെ എ/എൽ.എസ്.ജി/20/SSKനമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 25-2-21, ന് എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ട് (നമ്പർ 79901270001800) ലേക്ക് 1,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചത് സംബന്ധിച്ച് SSK ജില്ലാ പ്രോജക്ട് കോ ഓർഡിനേറ്ററുടെ 30-04-2021 ലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം കൈമാറിയ തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിൽ ഏതൊക്കെ ഇനങ്ങൾക്കാണ് വിനിയോഗിച്ചതെന്നുള്ള വിശദമായ ചെലവ് പത്രിക ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വഷണത്തിന് (14/17-11-2021) മറുപടി ലഭ്യമാക്കിയതിൽ വിശദമായ വിവരം ലഭ്യമാക്കിയിട്ടില്ല. SSKക്ക് കൈമാറുന്ന തുക ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക വേണ്ടി തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ്. SSKയുമായി കൂടിയാലോചിച്ച് ഗ്രാമപഞ്ചായത്തിനാവശ്യമായ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-18 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രൊജക്ട് നമ്പർ | 27/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ<br>ആകെ | ₹262500/-വികസനഫണ്ട്<br>₹262500/മറ്റുള്ളവ<br>₹525000 |
| ബിൽ നമ്പർ/ തീയതി | ₹262500, 3/20-21/28.12.2020 |

കന്നുകുട്ടികൾ ഉള്ള 21 ഗുണഭോക്താക്കൾക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ളതാണ് മേൽ പ്രോജക്ട്. ഇതിനായി 2,62,500/- രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത് കണ്ണപുരം ക്ഷീരവ്യവസായ സഹകരണസംഘത്തിൽ നിന്നാണ്. ഓരോ പദ്ധതി വർഷത്തിലും ഈയിനത്തിൽ ഗുണഭോക്താക്കൾക്കു വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ അളവ്,ഗുണനിലവാരം എന്നിവ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുമ്പോൾ വിനിയോഗിച്ച തുക എൻറോൾമെന്റ് സമയത്ത് എസ്.എൽ.ബി.പിയിൽ ഒടുക്കിയ തുകയുമായി ഒത്തുനോക്കി കൃത്യത ഉറപ്പു വരുത്തേണ്ടതാണ്. മുൻ വർഷങ്ങളിലെ തുക നീക്കിയിരിപ്പുണ്ടെങ്കിൽ ആയത് തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 ആട്ട വളർത്തൽ (സുഭിക്ഷകേരളം) പ്രോജക്ട് അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ട് നമ്പർ | 139 |
| പ്രോജക്ടിന്റെ പേര് | ആട്ട വളർത്തൽ (സുഭിക്ഷകേരളം) |
| അടങ്കൽ<br>ആകെ | ₹25000 – വികസന ഫണ്ട് പൊതുവിഭാഗം<br>₹25000 – ജില്ലാ പഞ്ചായത്ത് വിഹിതം<br>₹50000 – മറ്റുള്ളവ<br>₹100000 |
| ചെലവ്/ബിൽ നം./തുക<br>ആകെ | ₹25000, 6/27.03.2021<br>₹25000, 7/30.03.2021<br>₹50000 |

രണ്ട് ഗുണഭോക്താക്കൾക്ക് 6 ആടുകളെ വീതം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയിലൂടെ മാംസോൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. പ്രോജക്ടിന്റെ ഭാഗമായി രണ്ട് ഗുണഭോക്താക്കൾ 5,000/- രൂപ വിലയുള്ള 6 ആടുകളെ (5 പെൺ ആടുകളും ഒരു മുട്ടനാടും) വീതം വാങ്ങിയിട്ടുണ്ട് (പർച്ചേസ് കമ്മറ്റി അംഗീകാരത്തോടെ). ആയതിന് ചെലവായ 60,000/- രൂപയിൽ (2*6*5000) 50,000/- രൂപ ഉരുക്കളെ ആരുടെ പക്കൽ നിന്നാണ് വാങ്ങിയത് അവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. കൂട് ഗുണഭോക്താക്കൾ സ്വന്തം ചെലവിൽ നിർമ്മിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകം ചുവടെ ചേർക്കുന്നു

1. ഗുണഭോക്താക്കൾക്ക് 25,000/- രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018, സ.ഉ(സാധാ)നം.1009/2020/ തസ്വഭവ തീയതി 29.05.2020 എന്നിവ പ്രകാരം ഇപ്രകാരം സബ്സിഡി അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കാണുന്നില്ല.

2. പ്രോജക്ടിൽ ആടുകളുടെ വിലയുടെ 50%വും ഇൻഷ്വറൻസ് പ്രീമിയവും ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കണമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ആടുകളുടെ വിലയായ 30000/- രൂപയിൽ 25000/- രൂപയും സബ്സിഡിയായി

അനുവദിച്ചിട്ടുണ്ട്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/17.11.2021) മറുപടിയായി മേൽ പ്രോജക്ട് ജില്ലാപഞ്ചായത്തിന്റെ സംയുക്ത പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 വർഷത്തെ നൂതന പദ്ധതിയായാണ് നിർവ്വഹിച്ചതെന്നും ഈ പ്രോജക്ട് മൃഗസംരക്ഷണവകുപ്പിലൂടെ നടത്തിവരുന്ന എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് എന്ന സ്കീമിന്റെ നിബന്ധന പ്രകാരമാണ് നടത്തേണ്ടിയിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. ടി പ്രോജക്ടിൽ 50,000/- മൊത്ത അടങ്കൽ തുകയിൽ ആടുകളുടെ വിലയായ 30,000/- രൂപയിൽ 25,000/- രൂപ സബ്സിഡിയും ബാക്കി 25,000/- ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നതുമാണ് (5000/- ആടിന്റെ വില, 10,000/- കൂടിന്റെ വില 10,000/- തീറ്റ, ഇൻഷുറൻസ്). പദ്ധതിയുടെ ഡാറ്റാ എൻട്രി സമയത്ത് ഗുണഭോക്തൃ വിഹിതത്തിന്റെ വ്യത്യസ്ത ഘടകങ്ങൾ വിശദമായി പ്രതിപാദിക്കാൻ പറ്റാതെ പോയതാണെന്നും നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് പദ്ധതി നിർവ്വഹിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് ഫോറത്തിൽ പദ്ധതി സംബന്ധിച്ച കൃത്യവും വ്യക്തവുമായ വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-2021 | 11-11-2021 & 12-11-2021 | കെ.എസ്.എ/കെ.എൻ ആർ/സി12/1379/2021 തീയതി: 29.12.2021. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്, നമ്പർ | ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 120000 | ക്ഷീരകർഷകർക്ക് പാലിന് അധികവില നൽകൽ – 1/21 | 120000 |
| | | 850000 | നെൽകൃഷിക്ക് വിത്ത്, കൂലിചെലവ് – 15/21 | 850000 |
| | | 861200 | തരിശ് കൈപ്പാട് കൃഷിയോഗ്യമാക്കൽ – 16/21 | 861200 |

| | | | | |
|---|---|---|---|---|
| | | 50000 | പച്ചക്കറിതൈകൾ നൽകൽ – 17/21 | 50000 |
| | | 250000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – 37/21 | 250000 |
| | | 129420 | സാന്ത്വന പരിചരണം – 69/21 | 129420 |
| | | 478976 | തരിശു രഹിത കയ്പാട് – 102/21 | 478976 |
| | | 2000 | ചെറുധാന്യ കൃഷി (സുഭിക്ഷ കേരളം) 131/21 | 2000 |
| | | 5000 | സ്വയം പര്യാപ്ത ഗ്രാമം - ഉഴുന്ന് പയർ (സുഭിക്ഷ കേരളം)-134/21 | 5000 |
| | | 6800 | കരനെൽ കൃഷി (സുഭിക്ഷ കേരളം)-135/21 | 6800 |
| | | 15000 | തരിശു ഭൂമിയിൽ പച്ചക്കറി കൃഷി (സുഭിക്ഷ കേരളം)-136/21 | 15000 |
| | | 141640 | തരിശ് നിലം കൃഷി യോഗ്യമാക്കൽ (സുഭിക്ഷ കേരളം)-137/21 | 141640 |
| | | 25000 | ആട്ട വളർത്തൽ (സുഭിക്ഷ കേരളം)-139/21 | 25000 |
| | | 32092 | വീട്ടു വളപ്പിൽ ബയോഫ്ലോക് (ഗിഫ്റ്റ് തിലാപ്പിയ) (സുഭിക്ഷ കേരളം)-140/21 | 32092 |
| ആകെ | | 2967128 | ആകെ | 2967128 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 120000 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകൽ-1/21 | 120000 |
| ആകെ | | 120000 | ആകെ | 120000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവായ തുക |
|---|---|---|---|---|
| അനർട്ട് | സോളാർ ലൈറ്റ് സ്ഥാപിക്കൽ | 11/2021,21/2021 | 285000 | 2021-22ൽ പൂർത്തികരിച്ച |

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ലീറ്റ് ലൈൻ വലിക്കൽ | 4/13.05.2020 | 373075 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2020-21 വർഷം ഗ്രാമപഞ്ചായത്ത് വായ്പ ഇനത്തിൽ തിരിച്ചടച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കി | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2018-19 | ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/2018 തീയതി 18.05.2018 | 19,80,000 | 16,56,470 | 3,21,804 | - | 13,34,666 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 30000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 30000 |

വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഷെയർ) | 197/18-10-2014 | - | 20000 | - |
| 2 | കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ (ഷെയർ) | 42/14-07-2015 | - | 5000 | - |
| 3 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, പരിയാരം (ഷെയർ) | 2621/09.09.2008 | - | 5000 | - |
| | ആകെ | | | 30000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | 2013-14 പ്രവർത്തനാവലോകനം | 5.1.5.8 | മഴവെള്ള സംഭരണി പരാജയമായി | നിയമ സഭാ സമിതി യുടെ പരിഗണനയിൽ |
| | | ---ടി--- | 5.1.5.11 | നൂതന ആശയമായ ഒതയമ്മാടം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പരാജയമായി | ---ടി--- |
| | | - --ടി-- | 5.1.5.13 | കുടിവെള്ള പദ്ധതികളുടെ നിർവഹണം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയില്ല. | ---ടി--- |
| | | --ടി-- | 5.1.5.2 | ജലസ്രോതസ്സുകൾ മാലിന്യ കൂമ്പാരമായി | --ടി-- |
| 2014-15<br>2015-16 | 2-2-2,2-3<br>2-1,2-2 | 2016-17<br>2016-17 | 2 | തൊഴിൽ നികുതി | --ടി-- |

## 4-9 ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | 47390456 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 45852232 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

നഷ്ടം ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം |
|---|---|---|
| 2010-2011 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.12/ 746/19 തീയതി 07-06-2019 | 1 |
| 2015-2016 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.12 / 746/19 തീയതി 07-06-2019 | 8 |
| 2016-2017 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.12/ 746/19 തീയതി 07-06-2019 | 3 |
| 2017-2018 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.12 / 780/18 തീയതി 01-06-2019 | 7 |
| 2018-2019 | നം.കെ.എസ്.എ /കെ.എൻ.ആർ/സി.12 / 52/19 തീയതി 20-05-2020 | 5 |
| 2019-20 | നം.കെ.എസ്.എ /കെ.എൻ.ആർ/സി.12/ 424/21 തീയതി 09-04-2021 | 28 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## റസീപ്റ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

Cherukunnu Grama Panchayat
RECEIPT & PAYMENT STATEMENT
For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 4998150.89 |
| Cash | Cash | RP-40(a) | 11348.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1024900.00 |
| 140000000 | Fees & User Charges | RP-4 | 388436.00 |
| 150000000 | Sale & Hire Charges | RP-5 | 43758.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 38703792.00 |
| 171000000 | Interest Earned | RP-9 | 58197.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2898733.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-31 | 26100.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 273601.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 62532.00 |
| 311000000 | Earmarked Funds | RP-29 | 9189.00 |
| 340000000 | Deposits Received | RP-34 | 122794.00 |
| 350000000 | Other Liabilities | RP-36 | 145658.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3622291.00 |
| 460000000 | Loans, Advances and Deposits | RP-47 | 10475.00 |
| | Grand total | | 52399954.89 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2699265.00 |
| 220000000 | Administrative Expenses | RP-12 | 703000.00 |
| 230000000 | Operations & Maintenance | RP-13 | 1219192.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6154155.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 8563172.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1081184.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 574158.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 293360.00 |
| 255000000 | Maintenance Projects | RP-20 | 3494878.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 60000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 55630.00 |
| 350000000 | Other Liabilities | RP-36 | 4019384.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 25592.00 |
| 280000000 | Prior Period Item | RP-26 | -600.00 |
| 340000000 | Deposits Received | RP-34 | 29826.00 |
| 350000000 | Other Liabilities | RP-36 | 1850677.00 |
| 410000000 | Fixed Assets | RP-38 | 3327689.00 |
| 412000000 | Capital work in Progress | RP-40 | 8082443.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2931110.00 |
| 460000000 | Loans, Advances and Deposits | RP-47 | 688117.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 6547722.89 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 52399954.89 |

## അനുബന്ധം 3-2

## ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Cherukunnu Grama Panchayat
INCOME & EXPENDITURE STATEMENT
For the period from 01-April-2020 to 31-March-2021

| Code.No. | Description of Items | Schedule No. | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4351280.00 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 227376.00 |
| 140000000 | Fee & User Charges | I-4(b) | 747586.00 |
| 150000000 | Sale & Hire Charges | I-5(b) | 43758.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 89166657.00 |
| 171000000 | Interest Earned | I-8 | 58197.00 |
| 180000000 | Other Income | I-9 | 62532.00 |
| | Total Income | | 94657386.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10159646.00 |
| 220000000 | Administrative Expenses | I-11(b) | 703000.00 |
| 230000000 | Operations & Maintenance | I-12(b) | 1219192.00 |
| 240000000 | Interest & Finance Charges | I-13 | 25592.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6561509.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 19004515.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1081184.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 574158.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 37762660.00 |
| 255000000 | Maintenance Projects | I-14(e) | 4698197.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 60000.00 |
| 272000000 | Depreciation | I-17(a) | 6045037.00 |
| | Total Expenditure | | 87894690.00 |
| | Gross Surplus/ Deficit of income over Expenditure | | 6762696.00 |
| 280000000 | Prior Period Item | I-18 | -1095712.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 7858408.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3
## ബാലൻസ് ഷീറ്റ്

Cherukunnu Grama Panchayat
BALANCE SHEET
As on 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 18027404.46 |
| 311000000 | Earmarked Funds - Special Funds/Sinking Fund/<br>Trust or Agency Fund | B-2 | 37406.00 |
| 312000000 | Reserves | B-3 | 25204246.00 |
| | Total Reserve & Surplus | | 43269056.46 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4909083.50 |

| | | | |
|---|---|---|---|
| | Total Grants, Contributions for Specific Purposes | | 4909083.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 1334666.00 |
| | Total Loans | | 1334666.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 504858.00 |
| 350000000 | Other Liabilities | B-9 | 2614393.93 |
| | Total Current Liabilities and Provisions | | 3119251.93 |
| | TOTAL LIABILITIES | | 52632057.89 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 61276170.00 |
| 411000000 | Accumulated Depreciation | B-11 | -19709676.00 |
| 412000000 | Capital Work in Progress | B-11(a) | 1048194.00 |
| | Total Fixed Assets | | 42614688.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 30000.00 |
| | Total Investments | | 30000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2931110.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 6547722.89 |
| 460000000 | Loans, Advances and Deposits | B-18 | 508537.00 |
| | Total Current Assets, Loans and Advances | | 9987369.89 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |

| | | |
|---|---|---|
| | TOTAL ASSETS | 52632057.89 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ